**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2576.** **01/03.2017 ന് മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം നിയന്ത്രിക്കുന്ന തിനും ലഹരിക്ക് അടിമപ്പെട്ടവരുടെ ലഹരിമുക്ത ജീവിതത്തിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടത്തി വരുന്നത് എന്ന് വിശദീകരിക്കുമോ; | (എ) | ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലായ്മ ചെയ്യുവാനും ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ- "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ ആഭിമുഖ്യ ത്തിൽ ബൃഹത്തായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളോടും ബന്ധപ്പെട്ട് ആരോഗ്യവകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ സംസ്ഥാന തലത്തിൽ അന്തർ ദേശീയ നിലവാരത്തിലുള്ള ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | 2016 ജൂൺ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലത്ത് കൊല്ലം ജില്ലയിൽ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും എത്ര അളവ് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി മരുന്നുകൾ പിടിച്ചെടുത്തിട്ടുണ്ടെന്നും | (ബി) | അബ്കാരി കേസുകൾ - 1651 എണ്ണം<br>എൻ.ഡി.പി.എസ്. - 248 എണ്ണം.<br>കോട്പ കേസുകൾ - 3010 എണ്ണം<br>തൊണ്ടി സാധനങ്ങൾ -<br>ഗഞ്ചാവ് - 47.337 കി.ഗ്രാം.<br>ഗഞ്ചാവ് ചെടി - 8 എണ്ണം. |

| | | | |
|---|---|---|---|
| | വ്യക്തമാക്കമോ; | | ബ്യൂഫിനോർഫിൻ ആംപ്യൂൾ- 10 എണ്ണം<br>പാൻമസാല - 368969 പായ്ക്കറ്റ്<br>സിഗററ്റ് - 5539 പായ്ക്കറ്റ്(സ്കൂൾ പരിസരത്തു നിന്നും)<br>ബീഡി - 4927 പായ്ക്കറ്റ് (സ്കൂൾ പരിസരത്തു നിന്നും)<br>പുകയില - 4.12 ഗ്രാം<br>വ്യാജമദ്യം - 119.575 ലിറ്റർ<br>സ്പിരിറ്റ് - 496 ലിറ്റർ<br>ചാരായം - 140 ലിറ്റർ<br>കോട - 8411 ലിറ്റർ |
| (സി) | സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്ന മാഫിയാ സംഘങ്ങൾ സംസ്ഥാനത്ത് പ്രവൃത്തിക്കുന്നുണ്ടോ; വിശദീകരിക്കമോ? | (സി) | സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്ന മാഫിയ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വസ്തുക്കളുടെ സംഭരണം വിതരണം എന്നിവക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം എക്സൈസ് വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ പോലീസ്,വനം,റവന്യൂ വകുപ്പുമായി ചേർന്നും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.<br>സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകൾ, ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരിമരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ട് ടി വിഷയത്തിന്റെ ഗൗരവം മുന്നിൽ കണ്ട് ഡ്രഗ്സ് കൺട്രോളർ ഉൾപ്പെടെയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം മരുന്നുകൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നുവെന്ന് സംശയം തോന്നുന്ന മെഡിക്കൽഷോപ്പുകളിൽ ടി സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അതാത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് വിശദ മായ പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**